**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയയ്ക്കെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെഞ്ഞാറമൂട് മാണിക്കലിൽ ലഹരി മാഫിയയ്ക്കെതിരെ അധികൃതർക്ക് വിവരം നൽകിയ വിദ്യാർഥിനിയുടെ വീട് കയറി പെൺകുട്ടിയെയും മാതാവിനെയും മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കേസ് എടുക്കാൻ പോലീസ് വിസമ്മതിച്ചതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | വെഞ്ഞാറമൂട് മാണിക്കൽ പാറയിൽ കോളനിയിൽ താമസിക്കുന്ന പരാതിക്കാരി തന്റെ അയൽവാസിയായ സ്ത്രീയുടെ ഭർത്താവായ ദീപുവിനെതിരെ പോലീസിൽ പരാതി നൽകിയതിലുള്ള വിരോധം നിമിത്തം അയൽവാസികളായ മുരുകനും മറ്റൊരു സ്ത്രീയും 07.01.2023-ൽ വീടിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ച് കയറി അസഭ്യം പറഞ്ഞ് മർദ്ദിക്കുകയും തടയാൻ ശ്രമിച്ച മകളെ സ്ത്രീ മർദ്ദിച്ചതായും ധരിച്ചിരുന്ന 30,000/- രൂപ വിലവരുന്ന ആഭരണങ്ങൾ ഇതുവഴി നഷ്ടപ്പെട്ടുവെന്നും 08.01.2023-ൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകി. മൊഴിയുടെ അടിസ്ഥാനത്തിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 42/2023 u/s 447, 294(b), 323, 324, 427 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ IPC സെക്ഷൻ 354 കൂട്ടിച്ചേർത്ത് ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. രണ്ടു പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്.<br><br>ലഹരി മാഫിയയുമായി ബന്ധം സ്ഥാപിക്കുന്ന തരത്തിലുള്ള വിവരങ്ങളൊന്നും പോലീസ് അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. |
| (ബി) | മർദ്ദനമേറ്റതിനെത്തുടർന്ന് പരാതിയുമായി എത്തിയപ്പോൾ കുട്ടികളെ മർദിച്ച സംഭവത്തിൽ കേസ് എടുക്കാൻ കഴിയില്ലെന്നും മറ്റേതെങ്കിലും കേസ് റജിസ്റ്റർ ചെയ്യാമെന്നും അറിയിച്ച് പൊലീസ് പരാതിക്കാരെ മടക്കി അയച്ചതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ